"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ ബ്രിജേഷ് എം.-ന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററിലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി പലിശ രഹിത മെഡിക്കൽ വായ്പ (IFMA) കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2862/2025/LSGD തീയതി,തിരുവനന്തപുരം, 22-11-2025

---

പരാമർശം:-

1. 18/10/1985 ലെ 40658/G2/85/H&FWD നമ്പർ സർക്കുലർ
2. സ.ഉ.(അച്ചടി) നം.100/2024/ധന തീയതി 22.11.2024
3. ശ്രീ ബ്രിജേഷ് എം. -ന്റെ 29.08.2025 ലെ അപേക്ഷ
4. കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 18/09/2025 ലെ 230/25-ാം നമ്പർ യോഗ തീരുമാനം.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10/09/2025, 31/10/2025 എന്നീ തീയതികളിലെ LSGD/PD/26966/2025-DEG2 നമ്പർ കത്തുകൾ.
6. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 22.11.2025-ലെ ബി3/302/2025-എസ്.ഇ.സി. നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ ബ്രിജേഷ് എം.-ന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററിലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കും തുടർന്നും വരുന്ന ചെലവായ 25,00,000/- രൂപ പലിശ രഹിത മെഡിക്കൽ വായ്പയായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പരാമർശം (3) -ലെ അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കുകയുണ്ടായി.

2) കുരുവട്ടൂർ പഞ്ചായത്ത് സെക്രട്ടറി ശ്രീ ബ്രിജേഷ് എം. -ന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി 25,00,000/- രൂപ ടി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പലിശ രഹിത മെഡിക്കൽ വായ്പയായി അനുവദിക്കാവുന്നതാണെന്ന് കോഴിക്കോട് കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലർ, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക (viii) എന്നിവ പ്രകാരവും, കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ

പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, കോഴിക്കോട് കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ ബ്രിജേഷ് എം. (ജനന തിയതി-17/10/1973, പെൻ-461563)-ന്റെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററിലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി, ആരോഗ്യ വകുപ്പ് അനുവദനീയത അറിയിച്ചിട്ടുള്ള 18,00,000/-രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം), പ്രത്യേക കേസായി പരിഗണിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2025-ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടത്തിൽ സൂചന (6) പ്രകാരം ഇളവ് നൽകി, കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പലിശ രഹിത ചികിത്സാ വായ്പയായി അനുവദിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ബ്രിജേഷ് എം., സെക്രട്ടറി, കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , കേരള (തിരുവനന്തപുരം/തൃശ്ശൂർ)
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (27/09/2025 ലെ G2/727/2025-Health പ്രകാരം)
ധനകാര്യ വകുപ്പ് (13/11/2025 ലെ 328470/Loans-L3/75/2025-FIN പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂമീഡിയ )വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/210/2025-തസ്വഭവ പ്രകാരം)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 22-11-2025 21:07:21**

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്